# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3641 | 30.01.2014 -ലെ മറുപടിക്ക്

### പന്തിരിക്കരയിൽ സ്കൂൾ വിദ്യാർത്ഥിനികൾ പീഡനത്തിനിരയായ കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പേരാമ്പ്രയിലെ പന്തിരിക്കരയിൽ സ്കൂൾ വിദ്യാർത്ഥിനികൾ പീഡനത്തിനിരയായ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (എ) 07.11.2013 തീയതി പീഡനത്തിനിരയായ പെൺകുട്ടിയുടെ പരാതി പ്രകാരം പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം 337/13 u/s 366(A), 376, 354, 506 r/w 34 IPC and Sec. 4, 6, 12 and 17 of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് എ.ഡി.ജി.പി. ഡോ. സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചുവരുന്നു. ടി കേസിലെ പരാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 251/13 കേസ്സിലെ സംഭവത്തിൽ തൂങ്ങിമരിച്ച പെൺകുട്ടി, ക്രൈം നമ്പർ 337/13 കേസിലെ പ്രതികളുടെ പ്രേരണ മൂലമാണ് ആത്മഹത്യ ചെയ്തത് എന്നു പറഞ്ഞ പ്രകാരം ടി കേസ്സിലെ വകുപ്പ് 174 Cr.PC മാറ്റി പകരം 305 r/w 34 IPC ആക്കിയും കേസിലെ അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിവരുന്നതാണ്. |
| (ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരാണെന്നും അന്വേഷണ സംഘത്തിൽ എത്ര പേരുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) എ.ഡി.ജി.പി. ഡോ. സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ (1) ശ്രീമതി നിശാന്തിനി ഐ.പി.എസ്. (എ.ഐ.ജി. പി.എച്ച്.ക്യൂ.), (2) യതീഷ് ചന്ദ്ര ഐ.പി.എസ്. (എ.എസ്.പി. വടകര) (3) ഗോപാലകൃഷ്ണൻ എം.കെ. (ഡി.വൈ.എസ്.പി. നാദാപുരം കൺട്രോൾ റൂം) (4) മോഹന ചന്ദ്രൻ (ഡി.വൈ.എസ്.പി. സി.ബി.സി.ഐ.ഡി. മലപ്പുറം) എന്നിവർ അംഗങ്ങളായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംഭവത്തെപ്പറ്റി ആരാണ് പരാതി നൽകിയതെന്നും ആർക്ക്, എപ്പോഴാണ് പരാതി നൽകിയതെന്നും വ്യക്തമാക്കാമോ; | (സി) | പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 337/13 കേസിന്റെ സംഭവത്തെ സംബന്ധിച്ച് പീഡനത്തിനിരയായ പെൺകുട്ടി 07.11.2013-ാം തീയതി 19.45 മണിക്ക് നൽകിയ മൊഴി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ വനിത CPO 7257 രേഖപ്പെടുത്തിയതിൻപ്രകാരം ടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. |
| (ഡി) | പരാതിയിൽ യഥാസമയം അന്വേഷണം നടത്താൻ പരാതി ലഭിച്ച ഉദ്യോഗസ്ഥൻ തയ്യാറായില്ല എന്ന് പരാതിയുണ്ടായിട്ടുണ്ടോ; | (ഡി) | ഇത്തരത്തിൽ പരാതിയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാണ്. |
| (ഇ) | പ്രസ്തുത കേസിൽ ആരെയൊക്കെയാണ് ഇതുവരെ അറസ്റ്റ് ചെയ്തത് എന്ന് വ്യക്തമാക്കാമോ; | (ഇ) | 251/13 എന്ന കേസിൽ (1) റുബീഷ് @ പ്രജീഷ് (2) അരുൺ (3) അശ്വിൻ @ ഷമീർ (4) സുജിത്ത് എന്നീ 4 പ്രതികളെയും പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 337/13 എന്ന കേസിൽ (1) ഷാഫി @ ഷാഫി മുഹമ്മദ് (2) സറീന (3) അരുൺ (4) പ്രജീഷ് @ റുബീഷ് (5) ഷമീർ @ അശ്വിൻ (6) ജുനൈസ് (7) സുജിത്ത് എന്നീ 7 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (എഫ്) | പീഡനത്തിനിരയായ കുട്ടികൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ധനസഹായം നൽകാൻ നടപടി സ്വീകരിക്കാമോ? | (എഫ്) | ഇല്ല. പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**